പതിനാലാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2019-2021)

## ഇരുപത്തൊന്നാമത് റിപ്പോർട്ട്

(2019 നവംബർ 14-ാം തീയതി സമർപ്പിച്ചത്)

**[2014-ലെ കേരള സംസ്ഥാന യുവജനകമ്മീഷൻ ആക്റ്റിന് കീഴിൽ പുറപ്പെടുവിച്ച 37/2014, 323/2014, 40/2016, 260/2016, 645/2016, 211/2017, 443/2017, 327/2018 എന്നീ നമ്പറുകളിലെ എസ്.ആർ.ഒ.കളുടെ സൂക്ഷ്മപരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2019

പതിനാലാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2019-2021)

## ഇരുപത്തൊന്നാമത് റിപ്പോർട്ട്

(2019 നവംബർ 14-ാം തീയതി സമർപ്പിച്ചത്)

**[2014-ലെ കേരള സംസ്ഥാന യുവജനകമ്മീഷൻ ആക്ടിന് കീഴിൽ പുറപ്പെടുവിച്ച 37/2014, 323/2014, 40/2016, 260/2016, 645/2016, 211/2017, 443/2017, 327/2018 എന്നീ നമ്പറുകളിലെ എസ്.ആർ.ഒ.കളുടെ സൂക്ഷ്മപരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട്]**

59/2020.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം 1 : എസ്. ആർ. ഒ. നമ്പർ 327/2018 | .. | 8 |
| അനുബന്ധം 2 : എസ്. ആർ. ഒ. നമ്പർ 37/2014 | .. | 28 |

## സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
## (2019-21)
## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. കെ. ഡി. പ്രസേനൻ, എം.എൽ.എ.

ശ്രീമതി യു. പ്രതിഭ, എം.എൽ.എ.

ശ്രീ. റോജി എം. ജോൺ, എം.എൽ.എ.

ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.

ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ.

ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2019-2021)യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ ഇരുപത്തൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റിനുകീഴിൽ 2014 മുതൽ 2018 വരെ പുറപ്പെടുവിച്ച എസ്.ആർ.ഒ.കൾ സമിതി സൂക്ഷ്മപരിശോധന നടത്തുകയും 5-8-2019-ൽ നിയമം, കായിക യുവജനകാര്യം എന്നീ വകുപ്പ് സെക്രട്ടറിമാരിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2019 നവംബർ 12-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

മുരളി പെരുനെല്ലി,

*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2019 നവംബർ 12.

# റിപ്പോർട്ട്

## 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റ്
## (2014-ലെ 6-ാമത് നിയമം)

പതിനെട്ട് വയസ് പൂർത്തിയായതും എന്നാൽ നാൽപ്പത് വയസ് പൂർത്തിയാകാത്തതുമായ വ്യക്തികളെയാണ് യുവജനങ്ങൾ എന്ന പദം വിവക്ഷിക്കുന്നത്. അതായത് ഏതൊരാളിന്റെയും പ്രോജ്ജ്വലമായ ജീവിതകാലം. പ്രായത്തിന്റെ അപക്വതക്കും അവശതക്കുമിടയിലുള്ള ഈ സുവർണ്ണകാലത്തിലെ ചിന്തകളും പ്രവർത്തികളുമാണ് ഒരു വ്യക്തിയുടെ ചരിത്രം, വർത്തമാനം, ഭാവി എന്നിവ രചിക്കുന്നത്. "ചരിത്രത്തിന്റെ ജ്വാലയാണ് യുവാക്കൾ" എന്നാണ് എച്ച്.ജി. വെൽസ് യുവാക്കളെ വിശേഷിപ്പിച്ചത്. ദിശാബോധമുള്ള യുവാക്കൾ തന്റെ സമകാലികരെയും പിൻമുറക്കാരെയും ജീവിതവിജയത്തിലേക്കും രാജ്യപുരോഗതിയിലേക്കും നയിക്കുകവഴി ചരിത്രത്തിൽ ഇടം നേടുകയും ചെയ്യുന്നു.

2. ഐക്യരാഷ്ട്രസഭയുടെ സ്ഥിതി വിവരക്കണക്കുകൾ പ്രകാരം ലോകജനസംഖ്യയുടെ ഏകദേശം 23 ശതമാനം വരുന്ന ശക്തിയായി യുവാക്കൾ മാറിക്കൊണ്ടിരിക്കുന്നു. ഇതിൽ 90%ത്തോളം പേർ ജീവിക്കുന്നത് ഇന്ത്യയുൾപ്പെടെയുള്ള വികസ്വര രാഷ്ട്രങ്ങളിലാണ്. ഒരു രാജ്യത്തെ വികസിതരാഷ്ട്രമാക്കിമാറ്റുന്നതിന് യുവജനസമ്പത്ത് അവിഭാജ്യ ഘടകമാണ്. നമ്മുടെ രാജ്യത്തിലെ ആകെ ജനസംഖ്യയുടെ 60 മുതൽ 70 ശതമാനംവരെയും സംസ്ഥാനത്തിലെ 50 മുതൽ 60 ശതമാനം വരെയുമുള്ളവർ യുവാക്കളാണ്. ആയതിനാൽ മനുഷ്യവിഭവശേഷിയാൽ സമ്പന്നരാണ് നാം.

3. ഉയർന്ന സാക്ഷരത, വ്യക്തമായ സാമൂഹിക രാഷ്ട്രീയബോധം, സംഘടനാബോധം, കലാകായിക മേഖലയിലെ മികവ്, വിവര സാങ്കേതിക മേഖലയിൽ അനുദിനമുണ്ടായി കൊണ്ടിരിക്കുന്ന മാറ്റങ്ങൾ സ്വായത്തമാക്കി, അവ പ്രായോഗികതലത്തിൽ നടപ്പിലാക്കുന്നതിനുള്ള പാടവം തുടങ്ങിയവയിൽ കഴിവ് തെളിയിച്ച യുവജനങ്ങളാണ് നമ്മുടെ സംസ്ഥാനത്തിലുള്ളത്. പ്രസ്തുത യുവതയുടെ സമഗ്രപുരോഗതി നമ്മുടെ സംസ്ഥാനത്തിന്റെ സർവ്വതോമുഖമായ വികസനത്തിന്റെ ആണിക്കല്ലാണ്. സംസ്ഥാനത്തിലെ യുവജനങ്ങളുടെ ക്ഷേമവും വികസന പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന യുവജനക്ഷേമ ബോർഡ് 1985-ൽ നിലവിൽ വന്നു. തുടർന്ന് യുവാക്കളുടെ സമഗ്രപുരോഗതി ലക്ഷ്യമാക്കി ആവിഷ്കരിച്ച ഒരു വലിയ ചുവടുവയ്പ്പായിരുന്നു '2012-ലെ കേരള സംസ്ഥാന യുവജനനയം'. സാമൂഹിക നീതിയിലധിഷ്ഠിതമായ സാമ്പത്തിക വികസനമെന്ന തത്വമാണ് യുവജനനയത്തിന്റെ കാതൽ.

4. യുവജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ തരണം ചെയ്യുന്നതിനും അവയ്ക്ക് പുതിയ കാഴ്ചപ്പാട് നൽകുന്നതിനുമായി രൂപീകരിച്ച ദേശീയ യുവജനകമ്മീഷന്റെ പ്രധാനപ്പെട്ട ഒരു ശിപാർശ, യുവജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി ഓരോ സംസ്ഥാനത്തും നിയമം മുഖേന യുവജനകമ്മീഷനുകൾ സ്ഥാപിക്കണമെന്നതായിരുന്നു. ഇതിനെ തുടർന്ന് സംസ്ഥാനത്ത് യുവജനകമ്മീഷൻ രൂപീകരിക്കുമെന്ന് 2012-ലെ നയപ്രഖ്യാപന വേളയിൽ ബഹു. കേരള ഗവർണർ പ്രഖ്യാപിക്കുകയും 2012 ആഗസ്റ്റ് 21-ന് '2012-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ഓർഡിനൻസ് ' പ്രസിദ്ധീകരിക്കുകയും ചെയ്തു. തുടർന്ന് നാല് തവണ പ്രസ്തുത ഓർഡിനൻസ് പുനർ വിളംബരം ചെയ്തു.

5. സംസ്ഥാനത്തെ യുവജനങ്ങളെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും യുവാക്കളുടെ അവകാശങ്ങളുടെ സംരക്ഷകനായി വർത്തിക്കുന്നതിനും ക്വാസി ജുഡീഷ്യൽ സ്വഭാവത്തോടുകൂടി യുവജനങ്ങളുടെ പ്രശ്നങ്ങളിൽ സ്വമേധയാ ഇടപെട്ട് നടപടി കൈക്കൊള്ളുന്നതിനും അധികാരം നൽകുന്ന ബിൽ നിയമസഭയിൽ അവതരിപ്പിക്കുകയും 2014 ഫെബ്രുവരി 4-ാം തീയതി 'കേരള സംസ്ഥാന യുവജന കമ്മീഷൻ ബിൽ' പാസാക്കുകയും ചെയ്തു. ഇത്തരത്തിൽ യുവജനകമ്മീഷൻ ബിൽ പാസാക്കിയ രാജ്യത്തെ ആദ്യനിയമസഭയെന്ന ഖ്യാതി നാം നേടി. തുടർന്ന് 2014 ഫെബ്രുവരി 13-ന് 'കേരള സംസ്ഥാന യുവജനകമ്മീഷൻ ആക്റ്റ്' പ്രാബല്യത്തിൽ വന്നു. ആക്റ്റിലെ 3-ാം വകുപ്പ് 1-ാം ഉപ വകുപ്പ് പ്രകാരം 2014 മേയ് 28-ന് 'കേരള സംസ്ഥാന യുവജന കമ്മീഷൻ' രൂപീകൃതമായി.

6. പ്രസ്തുത ആക്റ്റിലെ 18-ാം വകുപ്പ്, ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുവാനായി ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിന് അധികാരം നൽകുന്നു. പ്രസ്തുത അധികാരം ഉപയോഗിച്ച് പുറപ്പെടുവിച്ച 37/2014, 323/2014, 40/2016, 260/2016, 645/2016, 211/2017, 443/2017, 327/2018, എന്നീ നമ്പറുകളിലെ എസ്.ആർ.ഒ.കൾ സമിതി സൂക്ഷ്മപരിശോധന നടത്തുകയും ഇതുമായി ബന്ധപ്പെട്ട് നിയമം, കായിക യുവജനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. പ്രസ്തുത തെളിവെടുപ്പ് യോഗത്തിൽ സംസ്ഥാന യുവജനകമ്മീഷന്റെ കീഴിൽ നടപ്പിലാക്കുന്ന വികസനോന്മുഖമായ പ്രവർത്തനങ്ങളും സമിതി ചർച്ച ചെയ്തു.

7. പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യബോധം, സാമൂഹികബോധം, നിയമസാക്ഷരത എന്നിവ യുവാക്കളിൽ വളർത്തുന്നതിനായി കമ്മീഷൻ ആരംഭിച്ച 'ഗ്രീൻ യൂത്ത് ' പദ്ധതിയുടെ പ്രവർത്തകർ 2018-ലെ മഹാപ്രളയസമയത്ത് സംസ്ഥാനത്ത് രക്ഷാ/ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിയതായി സമിതി മനസ്സിലാക്കി. കൂടാതെ മദ്യം, മയക്കുമരുന്ന്, മറ്റ് കുറ്റകൃത്യങ്ങൾ എന്നിവയിൽ നിന്ന് യുവാക്കളെ പിന്തിരിപ്പിക്കുന്നതിനായി നടത്തുന്ന ബോധവത്ക്കരണ പരിപാടികളും പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന മാലിന്യ/പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്സുകളും കാലോചിതമായവയായി സമിതി കരുതുന്നു.

8. തൊഴിൽ സ്ഥാപനങ്ങളിൽ തടഞ്ഞുവച്ച യുവാക്കളുടെ യോഗ്യതാ സർട്ടിഫിക്കറ്റുകളും മറ്റ് രേഖകളും തിരികെ ലഭ്യമാക്കുവാനും തൊഴിലിടങ്ങളിൽ അർഹമായ വേതനം നൽകാത്തതും ഇരിപ്പിടം നൽകാത്തതും വിശ്രമം അനുവദിക്കാത്തതുമായ പരാതികളിന്മേൽ പരിഹാരം കാണുവാനും ജോലി വാഗ്ദാനം ചെയ്ത് സാമ്പത്തിക തട്ടിപ്പുകൾ നടത്തുന്നവർക്കെതിരെയും കമ്മീഷൻ നടത്തുന്ന ഇടപെടലുകൾ വളരെ ഉപകാരപ്രദമാണെന്ന് സമിതി വിലയിരുത്തുന്നു.

9. യുവാക്കൾക്ക് തൊഴിലവസരം ഒരുക്കുന്നതിനും ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുള്ള അറിവ് നൽകുന്നതിനായി കമ്മീഷൻ നടത്തിവരുന്ന 'ജോബ് പോർട്ടൽ' സംവിധാനവും കരിയർ ഗൈഡൻസും യുവജനങ്ങളെ വളരെയധികം സഹായിക്കുന്നതിന്റെ തെളിവാണ് 2018-ലെ ജോബ് ഫെസ്റ്റ് മുഖേന 528 ഉദ്യോഗാർത്ഥികളെ വിവിധ കമ്പനികൾ തെരഞ്ഞെടുത്തതെന്ന് സമിതി കരുതുന്നു.

10. 2018-ൽ പ്രഥമദൃഷ്ട്യാ ബോധ്യമായ 31 പ്രശ്നങ്ങളിൽ കമ്മീഷൻ സ്വമേധയാ കേസ് എടുത്ത് ബന്ധപ്പെട്ടവരിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടി സ്വീകരിച്ച വിവരം സമിതി മനസ്സിലാക്കുന്നു.

11. തൊഴിൽരഹിത വേതനവും തൊഴിൽ രഹിത വേതനത്തിനുള്ള മാനദണ്ഡവും പരിഷ്കരിക്കുക, സഹകരണ മേഖലയിൽ ജോലിചെയ്യുന്നവരുടെ തൊഴിലിന് തടസ്സമാകാത്ത രീതിയിൽ JDC/HDC കോഴ്സുകൾ ആരംഭിക്കുക, എക്സൈസ് വകുപ്പിന്റെ ലഹരിവിരുദ്ധ ബോധവത്ക്കരണ പരിപാടിയായ 'വിമുക്തി' ജയിലുകളിൽ കൂടി വ്യാപിപ്പിക്കുക, ബഡ്സ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് പ്രകൃതി വിഭവങ്ങളെ സംരക്ഷിച്ച് കൊണ്ടുള്ള കൈത്തൊഴിൽ പരിശീലനം നൽകുക, യുവാക്കളിൽ കാണപ്പെടുന്ന വിഷാദരോഗം, ആത്മഹത്യ പ്രവണത എന്നിവയിൽ നിന്നും അവരെ പിൻതിരിപ്പിച്ച് നേർവഴിയിൽ നയിക്കുക, മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ വ്യാപനം തടയുക, തൊഴിലിടങ്ങളിലെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ചൂഷണം തടയുന്നതിനുമുള്ള നടപടി സ്വീകരിക്കുക, ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്ക് തൊഴിലിനും തുടർ വിദ്യാഭ്യാസത്തിനുമുള്ള സാഹചര്യം ഒരുക്കുക, ട്രാൻസ്ജെൻഡർ വിഭാഗത്തിന് പി.എസ്.സി. അപേക്ഷാഫോമിൽ ജെൻഡർ കോളം അനുവദിക്കുക തുടങ്ങിയ യുവജനങ്ങളുടെ ആവശ്യങ്ങൾ സംബന്ധിച്ച ശിപാർശകൾ കമ്മീഷൻ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുകയും ആയതിന്മേൽ അനുകൂല നടപടി സർക്കാർ സ്വീകരിക്കുമെന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു.

12. 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ടിന് കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. കളുമായി ബന്ധപ്പെട്ട് സമിതി നടത്തിയ പഠനങ്ങളുടെയും തെളിവെടുപ്പ് യോഗത്തിന്റെയും അടിസ്ഥാനത്തിലുള്ള സമിതിയുടെ നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

**എസ്.ആർ.ഒ. നമ്പർ 327/2018 തീയതി; 28-5-2018 (2018-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ചട്ടങ്ങൾ)**

13. '2014-ലെ കേരള സംസ്ഥാന യുവജനകമ്മീഷൻ ആക്ടി'ലെ 18-ാം വകുപ്പ് പ്രകാരം പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുവാനായി ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിന് അധികാരം നൽകുന്നു. പ്രസ്തുത വകുപ്പ് പ്രകാരം രൂപീകരിച്ചതാണ് '2018-ലെ കേരള സംസ്ഥാന യുവജനകമ്മീഷൻ ചട്ടങ്ങൾ'.

14. **ചട്ടം 4 (ജി)-യിൽ 'യോഗത്തിന്റെ മുന്നോടിയായി അംഗങ്ങൾക്ക് അജണ്ട ചംക്രമണം ചെയ്ത് ആയത് ലഭിച്ചതായി ഉറപ്പുവരുത്തുക' എന്ന വാക്യത്തിന് അർത്ഥശുദ്ധി നൽകുന്നതിനായി 'യോഗത്തിന്റെ അജണ്ട ലഭിച്ചതായി ഉറപ്പുവരുത്തുക' എന്ന രീതിയിൽ മാറ്റുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

15. ചട്ടം (5)-ൽ 'കമ്മീഷൻ അംഗങ്ങൾക്ക് 15,000 രൂപ ഓണറേറിയവും 400 രൂപ സിറ്റിംഗ് ഫീസും സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള യാത്രാബത്തയും അനുവദിക്കാവുന്നതാണ്' എന്ന് വ്യവസ്ഥ ചെയ്യുന്നു. ഇപ്പോൾ അംഗങ്ങളെ ക്ലാസ് I കാറ്റഗറിയിൽ ഉൾപ്പെടുത്തിയാണ് യാത്രാബത്ത കണക്കാക്കുന്നതെന്നും ആയതിനായി ചട്ടം രൂപീകരിച്ചിട്ടില്ലെന്നും ചട്ടം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിൽ നടപടി തുടരുകയാണെന്നും തെളിവെടുപ്പ് വേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി മനസ്സിലാക്കി. **ആയതിനാൽ കമ്മീഷൻ അംഗങ്ങളുടെ യാത്രാബത്ത കണക്കാക്കുമ്പോൾ അംഗങ്ങളെ ക്ലാസ് I കാറ്റഗറിയിൽ ഉൾപ്പെടുത്തികൊണ്ട് ചട്ടം ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

16. ചട്ടം 5-ൽ രണ്ട് ഉപചട്ടവും ഒരു ക്ലിപ്ത നിബന്ധനയുമാണുള്ളത്. ഇതിൽ ഉപചട്ടങ്ങൾക്ക് നമ്പർ നൽകിയിട്ടില്ല. **ആയതിനാൽ ചട്ടം 5-ലെ 'ചെയർപേഴ്സന്റെ ശമ്പളം ഒരുലക്ഷം............' എന്നും 'കമ്മീഷൻ അംഗങ്ങൾക്ക് 15,000 രൂപ ............' എന്നും തുടങ്ങുന്ന ഉപ ചട്ടങ്ങൾക്ക് ക്രമനമ്പർ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

17. ചട്ടം 6 (1)-ൽ 'കമ്മീഷന്റെ സാധാരണ യോഗങ്ങൾ മാസത്തിലൊരിക്കലെങ്കിലും കമ്മീഷന്റെ ആസ്ഥാനത്ത് വച്ച് കൂടേണ്ടതാണ്' എന്നും തുടർന്നുള്ള ക്ലിപ്ത നിബന്ധനയിൽ 'എന്നാൽ കമ്മീഷന്റെ രണ്ട് യോഗങ്ങളുടെ ഇടവേള മൂന്ന് മാസത്തിൽ കൂടുവാൻ പാടുള്ളതല്ല' എന്നും വ്യവസ്ഥ ചെയ്യുന്നു. **പ്രസ്തുത വാചകങ്ങളിൽ വൈരുദ്ധ്യമുള്ളതിനാൽ ചട്ടം 6 (1)-ലെ ക്ലിപ്ത നിബന്ധനയിലെ ആദ്യവാചകം ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

18. ചട്ടം 6(15)-ൽ 'കമ്മീഷന്റെ യോഗനടപടിക്കുറിപ്പുകൾ ചെയർപേഴ്സൺ അംഗീകരിക്കുന്നതുവരെ പ്രത്യേകമായി നിർദ്ദേശിക്കപ്പെടാത്ത പക്ഷം, സെക്രട്ടറി അതിന്മേൽ നടപടികളൊന്നും സ്വീകരിക്കാൻ പാടില്ലാത്തതാണ് ' എന്നും ചട്ടം 6(16)-ൽ 'കമ്മീഷന്റെ യോഗനടപടിക്കുറിപ്പുകൾ സെക്രട്ടറി ഒപ്പിട്ട് സൂക്ഷിക്കേണ്ടതാണ് ' എന്നും വ്യവസ്ഥ ചെയ്യുന്നു. യോഗതീരുമാനം വീണ്ടും അംഗീകാരം നേടേണ്ട ആവശ്യമില്ലാത്തതിനാൽ **ചട്ടം 6(16) 'കമ്മീഷന്റെ യോഗനടപടിക്കുറിപ്പുകൾ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

19. ചട്ടം 15-ൽ 'ഓരോ വർഷവും ഏപ്രിൽ 1 മുതൽ അടുത്ത വർഷം മാർച്ച് 31 വരെയുള്ള കാലയളവിനെ സംബന്ധിച്ച വാർഷിക റിപ്പോർട്ട് എല്ലാ വർഷവും ആഗസ്റ്റ് 31-ാം തീയതിയ്ക്കകം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ് ' എന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ആക്ടിലെ 14-ാം വകുപ്പ് 1-ാം ഉപവകുപ്പിൽ 'കമ്മീഷൻ, ഓരോ സാമ്പത്തികവർഷവും അവസാനിച്ചശേഷം മൂന്ന് മാസത്തിനുള്ളിൽ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള തീയതിയിലും ഓരോ സാമ്പത്തിക വർഷത്തിലും മുൻ സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്ത പ്രവർത്തനങ്ങളുടെയും പരിപാടികളുടെയും പൂർണ്ണ വിവരങ്ങൾ കാണിക്കുന്ന ഒരു വാർഷിക റിപ്പോർട്ട് യുവജനങ്ങളുടെ സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ ഗവൺമെന്റിന് സമർപ്പിക്കേണ്ടതാണ്' എന്ന് വ്യക്തമാക്കുന്നു. കമ്മീഷന്റെ വാർഷിക സ്റ്റേറ്റ്മെന്റ് സാമ്പത്തികവർഷം അവസാനിച്ചതിന് ശേഷം മൂന്ന് മാസത്തിനുള്ളിൽ അതായത് ജൂൺ 30-ന് മുമ്പ് സർക്കാരിന് സമർപ്പിക്കണമെന്ന് ആക്ടിൽ വ്യക്തമാക്കുമ്പോൾ ബന്ധപ്പെട്ട ചട്ടത്തിൽ ആയത് ആഗസ്റ്റ് 31-നകം എന്ന് രേഖപ്പെടുത്തിയത് ആക്ടിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ **ചട്ടം 15-ലെ നാലാമത്തെ വരിയിലെ 'ആഗസ്റ്റ് 31 തീയതിക്കകം' എന്നതിനു പകരം 'ജൂൺ 30 തീയതിക്കകം' എന്ന് മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

20. ഫാറം IV (വാർഷിക റിപ്പോർട്ടിന്റെ മാതൃക)-ലെ മനുഷ്യവിഭവശേഷി, സ്ഥാപനത്തിന്റെ പ്രവർത്തനം, ധനകാര്യം, അടിസ്ഥാന സൗകര്യം, മറ്റ് വിഷയങ്ങൾ എന്നീ ശീർഷകങ്ങൾക്ക് കീഴിൽ തൻവർഷം, നടപ്പുവർഷം എന്നീ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നതായി സമിതി കണ്ടെത്തി. വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നത് മുൻ സാമ്പത്തിക വർഷത്തെ സംബന്ധിച്ചതായതിനാൽ ,തൻവർഷം, നടപ്പുവർഷം എന്നീ വാക്കുകൾക്ക് പ്രസക്തി ഇല്ല. **ആയതിനാൽ ഫാറം IV-ൽ തൻവർഷം, നടപ്പുവർഷം എന്നീ വാക്കുകൾക്ക് പകരം 'റിപ്പോർട്ട് കാലയളവിൽ' എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

21. ആക്ടിലെ 14-ാം വകുപ്പ് 1-ാം ഉപവകുപ്പിൽ 'വാർഷിക റിപ്പോർട്ട് യുവജനങ്ങളുടെ സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റ് ഉൾപ്പെടെ ഗവൺമെന്റിന് സമർപ്പിക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു കൂടാതെ 18-ാം വകുപ്പിൽ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം സർക്കാരിന് നൽകുകയും ചെയ്യുന്നു. യുവജനങ്ങളുടെ സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റിന്റെ മാതൃക ചട്ടത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് തെളിവെടുപ്പ് വേളയിൽ സമിതി വകുപ്പിനോട് ആരായുകയും മാതൃക ഫോറം തയ്യാറാക്കുവാനുള്ള നടപടി സ്വീകരിക്കാമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പ് നൽകുകയും ചെയ്തു. **ആയതിൻപ്രകാരം യുവജനങ്ങളുടെ സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റിന്റെ മാതൃകാഫാറം തയ്യാറാക്കി ആയത് ചട്ടത്തിൽ ഉൾപ്പെടുത്തുവാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

22. **പ്രസ്തുത എസ്.ആർ.ഒ. യിലെ താഴെപ്പറയുന്ന അച്ചടിപ്പിശകുകൾ തിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:**

1. ചട്ടം (2)-ലെ 'നിർവ്വനങ്ങൾ'
2. ചട്ടം 2 (2)-ലെ 'നിർവ്വചിട്ടുള്ളതുമായ'
3. ഫാറം I -ലെ അഞ്ചാമത്തെയിനത്തിലെ 'പദ്ധതിയിയിനത്തിൽ'
4. ഫാറം I -ലെ ആറാമത്തെയിനത്തിലെ 'നിയമപ്രകാമുള്ള'
5. ഫാറം IV- ലെ അടിസ്ഥാന സൗകര്യം എന്ന ശീർഷകത്തിലെ രണ്ടാമത്തെ വരിയിലെ 'ഒഴിവാക്കിതയോ'

23. **ഫാറം III-ലെ ആസ്തികൾ എന്ന ശീർഷകത്തിലെ 'എസ്.ബി.റ്റി' എന്നത് 'എസ്.ബി.ഐ' എന്നാക്കി മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**എസ്.ആർ.ഒ നമ്പർ 37/2014 തീയതി, 18-1-2014:-**

24. 2013-ലെ കേരള സംസ്ഥാന യുവജനകമ്മീഷൻ ഓർഡിനൻസ് പ്രകാരം കമ്മീഷൻ ചെയർപേഴ്സണെയും അംഗങ്ങളെയും നിയമിച്ചുകൊണ്ട് പുറപ്പെടുവിച്ച പ്രസ്തുത എസ്.ആർ.ഒ. പ്രസിദ്ധീകരിച്ചത് 18-1-2014-ലും ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് 20-1-2014-ലുമാണെന്ന് സമിതി കണ്ടെത്തി. **എസ്.ആർ.ഒ. കൾ പുറപ്പെടുവിക്കുമ്പോൾ സർക്കാർ ഉത്തരവ് തീയതിക്കു മുമ്പ് എസ്.ആർ.ഒ തീയതി വരുന്ന ഇത്തരം പിശകുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

25. ഓർഡിനൻസിലെ വകുപ്പ് 3(1) പ്രകാരം 'കേരള യുവജനകമ്മീഷൻ' എന്ന പേരിൽ ഒരു നികായം രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. **എന്നാൽ വകുപ്പ് 3(1) പ്രകാരം നികായം രൂപീകരിക്കാതെ 3(2), 3(3) എന്നീ വകുപ്പുകൾ പ്രകാരം ചെയർപേഴ്സണെയും അംഗങ്ങളെയും നിയമിച്ചുകൊണ്ട് പ്രസ്തുത എസ്.ആർ.ഒ. പുറപ്പെടുവിച്ച നടപടിയെ സമിതി ശക്തമായി അപലപിക്കുകയും ഇത്തരത്തിലുള്ള വീഴ്ചകൾ സംഭവിക്കാതിരിക്കുവാൻ അതീവജാഗ്രത പുലർത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.**

26. ആക്ടിൽ കമ്മീഷൻഅംഗങ്ങളിൽ അവശ്യം വേണ്ട കാറ്റഗറികൾ വ്യക്തമാക്കുന്നുവെങ്കിലും എസ്.ആർ.ഒ. യിൽ ആയത് വ്യക്തമല്ല. ആയതിനാൽ ആക്ടിലെ വ്യവസ്ഥകൾ ചട്ടങ്ങളിൽ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. അതിനാൽ **ആക്ടിൽ അംഗങ്ങളുടെ കാറ്റഗറി പ്രത്യേകമായി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ എസ്.ആർ.ഒ. പുറപ്പെടുവിക്കുമ്പോൾ അംഗങ്ങളുടെ പേരിനൊപ്പം കാറ്റഗറി വ്യക്തമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**<u>എസ്.ആർ.ഒ. നമ്പർ 323/2014, 40/2016, 260/2016, 645/2016, 211/2017, 443/2017</u>**

No comments.

തിരുവനന്തപുരം,
2019 നവംബർ 12.

മുരളി പെരുനെല്ലി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY


| | | | |
|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2018 മേയ് 28<br>28th May 2018<br>1193 ഇടവം 14<br>14th Idavam 1193<br>1940 ജ്യേഷ്ഠം 7<br>7th Jyaishta 1940 | നമ്പർ<br>No. 1391 |


## കേരള സർക്കാർ

### കായിക യുവജനകാര്യ (ബി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 5/2018/കാ.യു.വ. *തിരുവനന്തപുരം, 2018 മേയ് 26 / 1193 ഇടവം 12.*

എസ്. ആർ. ഒ. നമ്പർ 327/2018.—2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റിലെ (2014-ലെ 6) 18-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉണ്ടാക്കുന്നു, അതായത്:—

### ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2018-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റ് (2014-ലെ 6) എന്നർത്ഥമാകുന്നു;

(ബി) "പരാതി" എന്നാൽ യുവജനങ്ങളുടെ അവകാശങ്ങളുടെയോ അവർക്കായി നിശ്ചയിക്കപ്പെട്ടിട്ടുള്ള സംരക്ഷണ വ്യവസ്ഥകളുടെയോ നിഷേധത്തിനെതിരെയുള്ളതും യുവാക്കളിൽനിന്നോ യുവാക്കൾക്കുവേണ്ടി മറ്റേതെങ്കിലും വ്യക്തി അല്ലെങ്കിൽ സംഘടന മുഖേനയോ, നേരിട്ട് അല്ലെങ്കിൽ തപാൽ/ഫാക്സ്/ഇ-മെയിൽ/മറ്റേതെങ്കിലും മാധ്യമം മുഖേന കമ്മീഷനിൽ ലഭിക്കുന്ന എല്ലാ പരാതികളും നിവേദനങ്ങളും എന്നർത്ഥമാകുന്നു;

(സി) "സെക്രട്ടറി" എന്നാൽ കേരള സംസ്ഥാന യുവജന കമ്മീഷന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു;

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും ആക്റ്റിൽ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥം യഥാക്രമം ഉണ്ടായിരിക്കുന്നതാണ്.

3. ആസ്ഥാനം.—കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്.

4. സെക്രട്ടറിയുടെ അധികാരങ്ങളും ചുമതലകളും.—സെക്രട്ടറിക്ക് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ആക്റ്റിലെ 9-ഉം 10-ഉം വകുപ്പുകൾ പ്രകാരം കമ്മീഷനിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിനും അധികാരങ്ങൾ വിനിയോഗിക്കുന്നതിനുമായി കമ്മീഷൻ കൈക്കൊള്ളുന്ന ഏതൊരു തീരുമാനവും നടപ്പിലാക്കുക;

(ബി) ആക്റ്റിലെ 4-ാം വകുപ്പ് (7)-ാം ഉപവകുപ്പ് പ്രകാരം ചെയർപേഴ്സന്റെ നിർദ്ദേശാനുസരണം കമ്മീഷന്റെ ശരിയായ ഭരണ നിർവ്വഹണത്തിനും ദൈനംദിന കാര്യങ്ങളുടെ നടത്തിപ്പിനും ആവശ്യമായ അധികാരങ്ങൾ വിനിയോഗിക്കുക;

(സി) ചെയർപേഴ്സണുമായി കൂടിയാലോചിച്ച് കമ്മീഷന്റെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും ബന്ധപ്പെട്ട എല്ലാവർക്കും യോഗത്തിന്റെ നോട്ടീസുകൾ യഥാസമയം ലഭ്യമാക്കുകയും ചെയ്യുക;

(ഡി) കമ്മീഷന്റെ യോഗത്തിന്റെ കോറം ഉറപ്പുവരുത്തുക;

(ഇ) ചെയർപേഴ്സണുമായി കൂടിയാലോചിച്ച് കമ്മീഷന്റെ യോഗത്തിന്റെ അജണ്ട തയ്യാറാക്കുക;

(എഫ്) യോഗത്തിന്റെ അജണ്ടയിലെ ഇനങ്ങളുമായി ബന്ധപ്പെട്ട പ്രസക്തമായ രേഖകൾ, ആവശ്യമെങ്കിൽ, കമ്മീഷന് ലഭ്യമാക്കുക;

(ജി) യോഗത്തിന്റെ മുന്നോടിയായി അംഗങ്ങൾക്ക് അജണ്ട ചംക്രമണം ചെയ്ത് അ്യത് ലഭിച്ചതായി ഉറപ്പുവരുത്തുക;

(എച്ച്) കമ്മീഷന്റെ യോഗങ്ങളുടെ നടപടിക്കുറിപ്പുകൾ തയ്യാറാക്കുകയും യോഗതീരുമാനങ്ങൾ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും, യോഗതീരുമാനങ്ങളുടെ നടപടിറിപ്പോർട്ട് കമ്മീഷന്റെ തുടർസമ്മേളനങ്ങളിൽ സമർപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക;

(ഐ) കമ്മീഷന്റെ പ്രവർത്തനത്തിന്റെ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുക;

(ജെ) ഗ്രാന്റ് അനുവദിക്കൽ, തസ്തിക സൃഷ്ടിക്കൽ, ശമ്പള പരിഷ്കരണം, വാഹനങ്ങൾ ലഭ്യമാക്കൽ, വാർഷിക ആഡിറ്റ് റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കൽ, ധനവിനിയോഗം, മറ്റ് സംസ്ഥാനങ്ങളിലേക്കും വിദേശങ്ങളിലേക്കുമുള്ള യാത്രകൾക്കുള്ള അനുമതി, കൂടാതെ സർക്കാർ അനുമതി ആവശ്യമാണെന്ന് ബോദ്ധ്യമാകുന്ന മറ്റ് വിഷയങ്ങൾ എന്നിവ കമ്മീഷന്റെ അംഗീകാരത്തോടുകൂടി സർക്കാരിന് സമർപ്പിക്കുക;

(കെ) കമ്മീഷന്റെ പേരിൽ സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുള്ള സാമ്പത്തിക അധികാരങ്ങൾ വിനിയോഗിക്കുക.

5. <u>ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ശമ്പളവും മറ്റ് ബത്തകളും.</u>—ചെയർപേഴ്സന്റെ ശമ്പളം ഒരു ലക്ഷം രൂപയായി നിജപ്പെടുത്തുന്നു. സിറ്റിംഗ് ഫീ, യാത്രാബത്ത, മറ്റ് ബത്തകൾ എന്നിവയ്ക്കായി ചെയർപേഴ്സനെ ഗ്രേഡ് 1/ ക്ലാസ് 1 ആയി പരിഗണിക്കേണ്ടതാണ്:

എന്നാൽ ചെയർപേഴ്സന്റെ ശമ്പളവും മറ്റ് ബത്തകളും സർക്കാർ കാലാകാലങ്ങളിൽ തീരുമാനിക്കുന്നപ്രകാരം പുതുക്കി നിശ്ചയിക്കാവുന്നതാണ്.

കമ്മീഷൻ അംഗങ്ങൾക്ക് 15,000 രൂപ ഓണറേറിയവും 400 രൂപ സിറ്റിംഗ് ഫീസും സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള യാത്രാബത്തയും അനുവദിക്കാവുന്നതാണ്.

6. <u>കമ്മീഷന്റെ യോഗങ്ങൾ വിളിച്ചുകൂട്ടുന്നതിനും നടത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ.</u>—(1) കമ്മീഷന്റെ സാധാരണ യോഗങ്ങൾ മാസത്തിലൊരിക്കലെങ്കിലും കമ്മീഷന്റെ ആസ്ഥാനത്തുവച്ച് കൂടേണ്ടതാണ്:

എന്നാൽ കമ്മീഷന്റെ രണ്ട് യോഗങ്ങളുടെ ഇടവേള മൂന്ന് മാസത്തിൽ കൂടുവാൻ പാടുള്ളതല്ല. ചെയർപേഴ്സണ് യുക്തമെന്ന് തോന്നുന്നപക്ഷം, കമ്മീഷന്റെ യോഗമോ സിറ്റിംഗുകളോ സംസ്ഥാനത്തെ മറ്റ് സ്ഥലങ്ങളിൽവച്ചും നടത്താവുന്നതാണ്.

(2) പൊതു താൽപ്പര്യാർത്ഥമോ പ്രത്യേക കേസുകളുടെ അടിയന്തര സാഹചര്യം കണക്കിലെടുത്തോ ചെയർപേഴ്സന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കമ്മീഷന് ജില്ലാ ആസ്ഥാനങ്ങളിലോ സംസ്ഥാനത്തിനുള്ളിലെ മറ്റ് സ്ഥലങ്ങളിലോ ക്യാമ്പ് സിറ്റിംഗുകൾ നടത്താവുന്നതാണ്.

(3) അടിയന്തര പ്രാധാന്യമുള്ള ഒരു പ്രത്യേക വിഷയം പരിഗണിക്കുന്നതിന് ചെയർപേഴ്സണ് സ്വമേധയായോ, ഏതെങ്കിലും അംഗത്തിന്റെ ആവശ്യപ്രകാരമോ സംസ്ഥാനത്ത് സൗകര്യപ്രദമായ സ്ഥലത്ത് വച്ച് പ്രത്യേക യോഗം കൂടാവുന്നതാണ്.

(4) (1), (2), (3) എന്നീ ഉപചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഭൂരിപക്ഷം അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടാൽ കമ്മീഷന്റെ ഒരു അസാധാരണ യോഗം സെക്രട്ടറി വിളിച്ചു കൂട്ടേണ്ടതാണ്.

(5) പരാതികൾ തീർപ്പ് കൽപ്പിക്കുന്നതിനായും കമ്മീഷൻ നിശ്ചിത ഇടവേളകളിൽ യോഗം ചേരേണ്ടതാണ്.

(6) ചെയർപേഴ്സന്റെ മുൻകൂർ അനുമതിയോടെ കമ്മീഷൻ ഒന്നായോ, ചില അംഗങ്ങൾ മാത്രമായോ, കമ്മീഷന്റെ കാര്യനിർവ്വഹണാർത്ഥം, ആസ്ഥാനത്തിന് പുറത്ത് എന്നാൽ സംസ്ഥാനത്തിനകത്ത് യോഗം ചേരാവുന്നതാണ്. ഇത്തരത്തിലുള്ള യോഗങ്ങളിലും അന്വേഷണങ്ങളിലും പങ്കെടുക്കുന്ന അംഗങ്ങൾക്ക് യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(7) കമ്മീഷന്റെ യോഗത്തിൽ ചെയർപേഴ്സൺ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്. ചെയർപേഴ്സന്റെ അഭാവത്തിൽ യോഗത്തിൽ ഹാജരുള്ള അംഗങ്ങളിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരാൾ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(8) കമ്മീഷന്റെ യോഗത്തിൽ ക്വാറം കമ്മീഷനിൽ നിയമിതരായ അംഗങ്ങളുടെ പകുതിയിൽ കൂടുതലായിരിക്കുന്നതാണ്.

(9) കമ്മീഷന്റെ യോഗതീരുമാനങ്ങൾ ഭൂരിപക്ഷ വോട്ടുപ്രകാരം ആയിരിക്കേണ്ടതും വോട്ടുകൾ തുല്യമാകുന്ന സംഗതികളിൽ ചെയർപേഴ്സണോ, അദ്ദേഹത്തിന്റെ അഭാവത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ആളിനോ ഒരു കാസ്റ്റിംഗ് വോട്ട് വിനിയോഗിക്കാവുന്നതാണ്.

(10) സെക്രട്ടറിയും ചെയർപേഴ്സൺ നിർദ്ദേശിക്കുന്ന പ്രകാരമുള്ള മറ്റുദ്യോഗസ്ഥരും കമ്മീഷന്റെ യോഗത്തിൽ ഹാജരാകേണ്ടതാണ്.

(11) യോഗത്തിന്റെ സ്ഥലം, തീയതി, സമയം, അജണ്ട എന്നിവ അറിയിച്ചുകൊണ്ടുള്ള നോട്ടീസ് യോഗതീയതിക്ക് അഞ്ച് ദിവസമെങ്കിലും മുമ്പായി അംഗങ്ങൾക്ക് നൽകേണ്ടതാണ്:

എന്നാൽ ഏതെങ്കിലും കാര്യത്തിൽ കമ്മീഷന്റെ അടിയന്തിര തീരുമാനം അനിവാര്യമാകുന്ന ഘട്ടങ്ങളിൽ 24 മണിക്കൂറിൽ കുറയാത്ത സമയത്തെ നോട്ടീസ് നൽകി ഒരു അസാധാരണ യോഗം കൂടാവുന്നതാണ്.

(12) യോഗനടപടിക്കുറിപ്പ് സെക്രട്ടറിയോ, ഈ ആവശ്യത്തിലേക്കായി സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ യോഗവേളയിൽ തയ്യാറാക്കേണ്ടതാണ്.

(13) കമ്മീഷന്റെ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ അംഗീകാരത്തിനായി ചെയർപേഴ്സന് സമർപ്പിക്കേണ്ടതും അംഗീകാരത്തിനു ശേഷം, എത്രയുംവേഗം, അടുത്ത യോഗത്തിനുമുൻപായി എല്ലാ അംഗങ്ങൾക്കും നടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതുമാണ്.

(14) ഓരോ വിഷയത്തിലുമുള്ള കമ്മീഷന്റെ തീരുമാനങ്ങൾ അഭിപ്രായമെന്ന രീതിയിൽ രേഖപ്പെടുത്തേണ്ടതും വിയോജന കുറിപ്പുകൾ, ഏതെങ്കിലും ഉണ്ടെങ്കിൽ, രേഖപ്പെടുത്തേണ്ടതുമാണ്. വ്യത്യസ്ത അഭിപ്രായമുള്ള സന്ദർഭങ്ങളിൽ ഭൂരിപക്ഷാഭിപ്രായപ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.

(15) കമ്മീഷന്റെ യോഗനടപടിക്കുറിപ്പുകൾ ചെയർപേഴ്സൺ അംഗീകരിക്കുന്നതുവരെ, പ്രത്യേകമായി നിർദ്ദേശിക്കപ്പെടാത്തപക്ഷം, സെക്രട്ടറി അതിന്മേൽ നടപടികളൊന്നും സ്വീകരിക്കാൻ പാടില്ലാത്തതാണ്.

(16) കമ്മീഷന്റെ യോഗനടപടിക്കുറിപ്പുകൾ സെക്രട്ടറി ഒപ്പിട്ട് സൂക്ഷിക്കേണ്ടതാണ്.

(17) കമ്മീഷന്റെ യോഗത്തിലെടുക്കുന്ന തീരുമാനങ്ങൾ, തീരുമാനമെടുക്കുന്ന തീയതി മുതൽ 15 ദിവസത്തിനുള്ളിൽ സർക്കാരിനെ അറിയിക്കേണ്ടതാണ്.

(18) തുടർനടപടികൾ ആവശ്യമില്ലാത്ത ഇനങ്ങളിലൊഴികെ, മുൻ തീരുമാനങ്ങളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്, നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കി തുടർന്നുള്ള യോഗത്തിൽ സെക്രട്ടറി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. പരാതി സമർപ്പിക്കുന്ന രീതി.—(1) കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്ന ഓരോ പരാതിയും മലയാളത്തിലോ ഇംഗ്ലീഷിലോ എഴുതി നേരിട്ടോ, തപാൽ വഴിയോ, ഇലക്ട്രോണിക് മാധ്യമം മുഖേനയോ സമർപ്പിക്കേണ്ടതാണ്.

(2) എല്ലാ പരാതികളിലും വിഷയം സംബന്ധിച്ച വ്യക്തമായ വിവരങ്ങളും പരാതിക്കാരന്റെയും എതിർകക്ഷിയുടെയും പേരും മേൽവിലാസവും ഉണ്ടായിരിക്കേണ്ടതാണ്.

8. ഫീസ്.—പരാതി സമർപ്പിക്കുന്നതിന് ഫീസ് ഉണ്ടായിരിക്കുന്നതല്ല.

9. ന്യൂനതയുള്ള പരാതികൾ.—താഴെപ്പറയുന്ന ഏതെങ്കിലും ന്യൂനതയുള്ള പരാതികൾ പ്രത്യക്ഷത്തിൽത്തന്നെ കമ്മീഷന് തള്ളിക്കളയാവുന്നതാണ്:

(എ) വായിക്കാൻ കഴിയാത്തവ;

(ബി) അവ്യക്തം, ഊമഹർജി, കപടനാമത്തിലുള്ളവ;

(സി) സിവിൽ തർക്കങ്ങളുമായി ബന്ധപ്പെട്ടവ;

(ഡി) കോടതികളുടെയോ ട്രൈബ്യൂണലുകളുടെയോ പരിഗണനയിലുള്ളവ;

(ഇ) ഒപ്പിടാത്തതോ, മറ്റ് രീതിയിൽ പ്രമാണീകരിക്കാത്തതോ ആയവ;

(എഫ്) പരാതിയിലെ വിഷയം കമ്മീഷന്റെ പരിധിക്ക് പുറത്തുള്ളവ;

(ജി) ചട്ടം 7-ൽ പറയുന്ന വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്തവ.

10. പരാതി തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ.—കമ്മീഷന്, അതിന് യുക്തമെന്നുതോന്നുന്ന ഏതൊരു സമയത്തും,—

(എ) പരാതിക്കാരനിൽനിന്നും കൂടുതൽ വിവരങ്ങൾ ആവശ്യപ്പെടാവുന്നതും;

(ബി) പരാതിക്ക് ആധാരമായ വസ്തുതകൾ വ്യക്തമാക്കുന്ന സത്യവാങ്മൂലം സമർപ്പിക്കുന്നതിന് പരാതിക്കാരനോട് ആവശ്യപ്പെടാവുന്നതും;

(സി) പരാതിക്കാരനിൽനിന്നും രേഖാമൂലം സത്യപ്രസ്താവന ആവശ്യപ്പെടാവുന്നതും;

(ഡി) നോട്ടീസ് നൽകിയോ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ പരാതിക്കാരനിൽനിന്നും മൊഴി രേഖപ്പെടുത്താവുന്നതും;

(ഇ) കമ്മീഷന് ഉചിതമെന്ന് തോന്നുന്നപക്ഷം എതിർകക്ഷി ഉൾപ്പെടെയുള്ള ബന്ധപ്പെട്ടവരിൽനിന്നും തുടർനടപടികൾക്കായി റിപ്പോർട്ടുകൾ ആവശ്യപ്പെടാവുന്നതും ആകുന്നു.

11. കമ്മീഷന്റെ സിറ്റിംഗ്—(1) സെക്രട്ടറി ചെയർപേഴ്സണുമായി കൂടിയാലോചിച്ച് ആവശ്യമായ സന്ദർഭങ്ങളിൽ കമ്മീഷന്റെ സിറ്റിംഗ് നടത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) ഓരോ അംഗത്തിനും സിറ്റിംഗ് സംബന്ധിച്ച നോട്ടീസ് അഞ്ച് ദിവസം മുമ്പ് നൽകേണ്ടതാണ്. എന്നിരുന്നാലും, ചെയർപേഴ്സന്, അംഗങ്ങൾക്ക് ഇരുപത്തിനാല് മണിക്കൂർ നോട്ടീസ് നൽകി, അസാധാരണ സിറ്റിംഗ് നടത്താവുന്നതാണ്.

12. കമ്മീഷനിൽ പ്രത്യേകം ക്ഷണിക്കപ്പെടുന്നവർക്കുള്ള ബത്ത.—ആക്റ്റിലെ 8-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം യോഗത്തിൽ പങ്കെടുക്കുന്ന പ്രത്യേകമായ അറിവുള്ള ക്ഷണിതാക്കൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ പ്രതിഫലം നൽകാവുന്നതാണ്.

13. കമ്മീഷനിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകൾ.— (1) ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സേവന വ്യവസ്ഥകൾ, അച്ചടക്ക നടപടികൾ എന്നിവ കേരള സർവ്വീസ് ചട്ടങ്ങളും, സർക്കാർ രൂപീകരിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ രൂപീകരിക്കുന്നതുമായ ബന്ധപ്പെട്ട മറ്റ് ചട്ടങ്ങളും പ്രകാരമായിരിക്കുന്നതാണ്.

(2) അർഹതയ്ക്കും കേരള സർവ്വീസ് ചട്ടങ്ങളിലെ നിബന്ധനകൾക്കും വിധേയമായി,—

(എ) ചെയർപേഴ്സന് അവധി അനുവദിക്കുന്നത് സർക്കാർ ആയിരിക്കുന്നതാണ്;

(ബി) അംഗങ്ങൾക്കും സെക്രട്ടറിക്കും അവധി അനുവദിക്കുന്നത് ചെയർപേഴ്സണായിരിക്കുന്നതാണ്;

(സി) കമ്മീഷനിലെ മറ്റ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും അവധി അനുവദിക്കുന്നത് സെക്രട്ടറിയായിരിക്കുന്നതാണ്.

14. സാമ്പത്തിക അധികാരങ്ങളുടെ നിയന്ത്രണം.—കമ്മീഷന്റെ എല്ലാ സാമ്പത്തിക അധികാരങ്ങളും പൊതു ധനകാര്യ ചട്ടങ്ങളും, സാമ്പത്തിക അധികാരങ്ങളുടെ വിനിയോഗവും, കാലാകാലങ്ങളിൽ ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ചട്ടങ്ങൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായിരിക്കുന്നതാണ്.

15. വാർഷിക റിപ്പോർട്ട്.—ആക്ടിലെ 13-ഉം, 14-ഉം വകുപ്പുകൾപ്രകാരം കമ്മീഷൻ ശരിയായ കണക്കുകളും മറ്റ് പ്രസക്തരേഖകളും വച്ചുപോരേണ്ടതും ഓരോ വർഷവും ഏപ്രിൽ 1 മുതൽ അടുത്തവർഷം മാർച്ച് 31 വരെയുള്ള കാലയളവിനെ സംബന്ധിച്ച വാർഷിക റിപ്പോർട്ട് എല്ലാ വർഷവും ആഗസ്റ്റ് 31-ാം തീയതിക്കകം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. വാർഷിക കണക്ക് സ്റ്റേറ്റ്മെന്റ് I, II, III എന്നീ നമ്പർ ഫാറങ്ങളിലും വാർഷിക റിപ്പോർട്ട് IV-ാം നമ്പർ ഫാറത്തിലും സമർപ്പിക്കേണ്ടതാണ്.

## ഫാറം I

[13-ാം വകുപ്പ് (1)-ാം ഉപവകുപ്പും 15-ാം ചട്ടവും കാണുക]

# കേരള സംസ്ഥാന യുവജന കമ്മീഷൻ
# തിരുവനന്തപുരം

31-3-........-ൽ അവസാനിച്ച വർഷത്തെ വരവ്-ചെലവ് കണക്കുകൾ

(Receipts and Payments Accounts)

| വരവ് | | തുക (രൂപയിൽ) |
|---|---|---|
| ഓപ്പണിംഗ് ബാലൻസ് | : | |
| കൈവശമുള്ള തുക | : | |
| വികാസ് ഭവൻ സബ്ട്രഷറിയിൽ റ്റി. എസ്. ബി. അക്കൗണ്ട് നമ്പർ 1 പ്രകാരമുള്ള തുക | : | |
| പദ്ധതിയിതരയിനത്തിൽ കേരള സർക്കാർ/ കായിക യുവജനകാര്യ വകുപ്പിൽ നിന്നുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് | : | |
| പദ്ധതിയിനത്തിൽ കേരള സർക്കാർ/ കായിക യുവജനകാര്യ വകുപ്പിൽ നിന്നുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് | : | |
| വിവരാവകാശ നിയമപ്രകാമുള്ള ഫീസ് | : | |
| പാഴ്വസ്തുക്കളുടെ ലേലത്തിൽ നിന്നുള്ള വരുമാനം/മറ്റ് സർക്കാർ/സർക്കാരിതര സംഘടനകൾ/പൊതുജനങ്ങൾ എന്നിവരിൽ നിന്നുള്ള സംഭാവന/മറ്റിനങ്ങൾ | : | |
| ആകെ | : | |

ചെലവ്

| | |
|---|---|
| ജീവനക്കാരുടെ ശമ്പളം/അലവൻസ് | : |
| ജീവനക്കാരുടെ ടി.എ./ഡി.എ. | : |
| ചെയർമാന്റെ/അംഗങ്ങളുടെ ശമ്പളം/ അലവൻസ് | : |
| ചെയർമാന്റെ/അംഗങ്ങളുടെ ടി.എ/ഡി.എ. | : |
| ജീവനക്കാരുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് | : |
| ചെയർമാന്റെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് | : |
| ഫർണീച്ചർ | : |
| വൈദ്യുതി | : |
| വെള്ളം | : |
| ടെലിഫോൺ/ഇന്റർനെറ്റ് | : |
| ചെയർമാന്റെ വാഹനം | |
| പെട്രോൾ | : |
| അറ്റകുറ്റപ്പണികൾ | : |
| ഓഫീസ് വാഹനം | |
| പെട്രോൾ | : |
| അറ്റകുറ്റപ്പണികൾ | : |
| വാഹനം രജിസ്ട്രേഷൻ/നികുതി മുതലായവ | : |
| കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും | : |
| വെബ് ഡിസൈൻ, സോഫ്റ്റ്‌വെയർ മുതലായവ | : |
| ടെലിവിഷൻ/കേബിൾ | : |

പ്രസിദ്ധീകരണം :

പോസ്റ്റേജ് സ്റ്റാമ്പ് :

പത്രം, ആനുകാലികങ്ങൾ :

സ്റ്റേഷനറി/രജിസ്റ്ററുകൾ :

നോട്ടീസ്/ഫാറം അച്ചടി :

വാടക/നികുതികൾ :

പുസ്തകങ്ങൾ :

വിദഗ്ദ്ധ/പ്രത്യേക സേവനങ്ങൾക്കുള്ള പ്രതിഫലം :

പരസ്യം/പ്രചാരണ ചെലവുകൾ :

സഹായം/സംഭാവന :

ആതിഥ്യം/സൽക്കാര ചെലവുകൾ :

നെയിം ബോർഡ്/നോട്ടീസ് ബോർഡ് :

ആഡിറ്റ് ഫീസ് :

മറ്റിനങ്ങൾ :

പദ്ധതി ചെലവുകൾ :

ക്ലോസിംഗ് ബാലൻസ്

കൈവശമുള്ള തുക :

വികാസ് ഭവൻ സബ്ട്രഷറിയിൽ റ്റി.എസ്.ബി. അക്കൗണ്ട് നമ്പർ 1-ലുള്ള തുക :

ആകെ :

## ഫാറം II

[13-ാം വകുപ്പ് (1)-ാം ഉപവകുപ്പും 15-ാം ചട്ടവും കാണുക]

# കേരള സംസ്ഥാന യുവജന കമ്മീഷൻ, തിരുവനന്തപുരം

31/03/..............ൽ അവസാനിച്ച വർഷത്തെ വരവ് ചെലവ് കണക്കുകൾ

(Income and Expenditure Accounts)

| വരവ് (Income) | | തുക (രൂപയിൽ) |
|---|---|---|
| കായിക യുവജനകാര്യ വകുപ്പിൽ നിന്നുള്ള പദ്ധതി വിഹിതം | : | |
| ..............................ഉത്തരവ് പ്രകാരം | : | |
| ..............................ഉത്തരവ് പ്രകാരം | : | |
| ..............................ഉത്തരവ് പ്രകാരം | : | |
| ആകെ | : | |
| കായിക യുവജനകാര്യ വകുപ്പിൽ നിന്നുള്ള പദ്ധതിയിതര വിഹിതം | : | |
| .............................. ഉത്തരവ് പ്രകാരം | : | |
| .............................. ഉത്തരവ് പ്രകാരം | : | |
| ആകെ | : | |
| വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് | : | |
| പാഴ് വസ്തുക്കളുടെ ലേലം | : | |
| മറ്റ് ഏജൻസികൾ/പൊതുജനങ്ങൾ എന്നിവരിൽ നിന്നുള്ള സംഭാവന | | |
| മറ്റിനങ്ങൾ | : | |
| ആകെ | : | |

**ചെലവ് (Expenditure)**

ജീവനക്കാരുടെ ശമ്പളം/അലവൻസ് :

ജീവനക്കാരുടെ ടി.എ/ഡി.എ. :

ചെയർമാന്റെ/അംഗങ്ങളുടെ ശമ്പളം/ അലവൻസ് :

ചെയർമാന്റെ/അംഗങ്ങളുടെ ടി.എ/ഡി.എ :

ജീവനക്കാരുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് :

ചെയർമാന്റെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് :

ഫർണീച്ചർ :

വൈദ്യുതി :

വെള്ളം :

ടെലിഫോൺ/ഇന്റർനെറ്റ് :

ചെയർമാന്റെ വാഹനം

പെട്രോൾ :

അറ്റകുറ്റപണികൾ :

ഓഫീസ് വാഹനം

പെട്രോൾ :

അറ്റകുറ്റപണികൾ :

വാഹനം രജിസ്ട്രേഷൻ/നികുതി മുതലായവ :

കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും :

വെബ് ഡിസൈൻ, സോഫ്റ്റ്വെയർ മുതലായവ :

ടെലിവിഷൻ/കേബിൾ :

| | |
|---|---|
| പ്രസിദ്ധീകരണം | : |
| പോസ്റ്റേജ് സ്റ്റാമ്പ് | : |
| പത്രം, ആനുകാലികങ്ങൾ | : |
| സ്റ്റേഷനറി/രജിസ്റ്ററുകൾ | : |
| നോട്ടീസ്/ഫാറം അച്ചടി | : |
| വാടക/നികുതികൾ | : |
| പുസ്തകങ്ങൾ | : |
| വിദഗ്ദ്ധ/പ്രത്യേക സേവനങ്ങൾക്കുള്ള പ്രതിഫലം | : |
| പരസ്യം/പ്രചാരണ ചെലവുകൾ | : |
| സഹായം/സംഭാവന | : |
| ആതിഥ്യം/സൽക്കാര ചെലവുകൾ | : |
| നെയിം ബോർഡ്/നോട്ടീസ് ബോർഡ് | : |
| ആഡിറ്റ് ഫീസ് | : |
| മറ്റിനങ്ങൾ | : |
| ആകെ | : |

## ഫാറം III

[13-ാം വകുപ്പ് (1)-ാം ഉപവകുപ്പും 15-ാം ചട്ടവും കാണുക]

# കേരള സംസ്ഥാന യുവജന കമ്മീഷൻ, തിരുവനന്തപുരം

31/03/................ൽ അവസാനിച്ച വർഷത്തിലെ ബാലൻസ് ഷീറ്റ് (Balance Sheet as on 31st March..........)

| ബാദ്ധ്യതകൾ | | തുക (രൂപയിൽ) |
|---|---|---|
| ബാക്കി നിൽക്കുന്ന ചെലവുകൾ | : | |
| ദീർഘകാല ബാധ്യതകൾ | : | |
| സർക്കാരിൽ നിന്നും ലഭ്യമായ വായ്പയും ധനസഹായവും | : | |
| മറ്റിനങ്ങൾ | : | |
| ആകെ | : | |

**ആസ്തികൾ**

| ഇനം | | |
|---|---|---|
| വാഹനങ്ങൾ | : | |
| കമ്പ്യൂട്ടർ | : | |
| ഫർണീച്ചർ | : | |
| ഫോട്ടോകോപ്പിയർ | : | |
| പുസ്തകങ്ങൾ | : | |
| എയർകണ്ടീഷണർ | : | |
| പ്രൊജക്ടർ | : | |
| വൈദ്യുത ഉപകരണങ്ങൾ | : | |

| | |
|---|---|
| വെബ്സൈറ്റ് | : |
| മറ്റ് ആസ്തികൾ | : |
| മുൻകൂറും നിക്ഷേപവും | : |
| കൈവശമുള്ള തുക | : |
| റ്റി. എസ്. ബി. അക്കൗണ്ട് നമ്പർ 1-ൽ വികാസ് ഭവൻ സബ്ട്രഷറിയിലുള്ള തുക | : |
| എസ്. ബി. റ്റി അക്കൗണ്ടിലുള്ള തുക | : |
| ആകെ | : |

## ഫാറം IV

[14-ാം വകുപ്പ് (1)-ാം ഉപവകുപ്പും 15-ാം ചട്ടവും കാണുക]

# വാർഷിക റിപ്പോർട്ടിന്റെ മാതൃക

വാർഷിക റിപ്പോർട്ട് പ്രത്യേകം ശീർഷകങ്ങൾ സഹിതമുള്ള അദ്ധ്യായങ്ങൾ/വിഭാഗങ്ങളായി ക്രമീകരിക്കേണ്ടതാണ്. റിപ്പോർട്ടിന്റെ ആദ്യഭാഗത്ത് സ്ഥാപനത്തിന്റെ പേരിനു പുറമേ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയുടെയും സെക്രട്ടറിയുടെയും കമ്മീഷന്റെ ചെയർമാന്റെയും പേരുകൾ പരാമർശിച്ചിരിക്കേണ്ടതാണ്.

**ആമുഖം**

സ്ഥാപനത്തെക്കുറിച്ചുള്ള ചെറിയ വിവരണവും സ്ഥാപനത്തിന്റെ ചുമതലകൾ സംബന്ധിച്ച സംസ്ഥാന നിയമത്തെക്കുറിച്ചും പരാമർശിച്ചിരിക്കേണ്ടതാണ്.

സ്ഥാപനത്തിന്റെ ഘടന സംബന്ധിച്ച് ചാർട്ട് നൽകേണ്ടതാണ്.

**സംഘടനാ സംവിധാനം**

സംസ്ഥാന ജില്ലാതല ഓഫീസുകളും മറ്റ് കാര്യാലയങ്ങളുമുൾപ്പെടെയുള്ള സ്ഥാപനത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ.

സ്ഥാപനത്തിന്റെ പ്രധാന കർത്തവ്യങ്ങൾ.

വെബ്സൈറ്റ്, ഓഫീസുകളുടെ മേൽവിലാസം, ഫോൺ/ഫാക്സ് മുതലായവ.

കമ്മീഷന്റെ മെമ്പർമാരുടെയും ഉയർന്ന ഉദ്യോഗസ്ഥരുടെയും പേരും മേൽവിലാസവും.

**മനുഷ്യ വിഭവശേഷി**

വിവിധ തസ്തികകളുടെ എണ്ണവും അതിൽ നിലവിലുള്ളവരുടെ എണ്ണവും.

കരാർ/ഡെപ്യൂട്ടേഷൻ/ദിവസക്കൂലി എന്നീ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാരുടെ എണ്ണം.

നടപ്പുവർഷത്തെ നിയമനം, വിരമിക്കൽ എന്നിവയുടെ എണ്ണം.

ഡിസ്മിസൽ/തസ്തിക വെട്ടിക്കുറയ്ക്കൽ എന്നിവ.

തൻവർഷം സൃഷ്ടിച്ച/നിർത്തലാക്കിയ തസ്തികകൾ.

തൻവർഷം നിയോഗിച്ച കൺസൾട്ടന്റുമാരുടെ എണ്ണം.

നടത്തിയ പരിശീലനങ്ങളുടെയും പരിശീലനത്തിന് നിയോഗിക്കപ്പെട്ടവരുടെയും എണ്ണം.

വിശിഷ്ട സേവനത്തിന് ലഭിച്ച അവാർഡുകൾ, സമ്മാനങ്ങൾ, സാക്ഷ്യ പത്രങ്ങൾ മുതലായവ.

ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടികൾ.

**സ്ഥാപനത്തിന്റെ പ്രവർത്തനം**

സ്ഥാപനത്തിന്റെ കർത്തവ്യങ്ങൾ.

സ്ഥാപനം നടപ്പിലാക്കുന്ന നിയമങ്ങളും ചട്ടങ്ങളും.

സ്ഥാപനം നടപടി സ്വീകരിച്ചതും തീർപ്പാക്കിയതും തുടരുന്നതുമായ കേസുകളുടെ എണ്ണം, നടത്തിയ പരിശോധനകൾ, സമർപ്പിച്ച റിപ്പോർട്ടുകൾ എന്നിവ സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ.

സ്ഥാപനം നൽകിയ വിവിധ സേവനങ്ങൾ, അവ ലഭ്യമായ ഗുണഭോക്താക്കൾ, എന്നിവ സംബന്ധിച്ച സ്ഥിതി വിവര കണക്കുകളുടെ അവതരണം.

നടപ്പിലാക്കിയ പദ്ധതികളുടെ ചെറു വിവരണം.

വിവിധ പദ്ധതികളുടെയും/പ്രവർത്തനങ്ങളുടെയും നേട്ടങ്ങൾ.

അഞ്ചുകോടി രൂപയിലധികമുള്ള പ്രവൃത്തികളുടെയും പർച്ചേസുകളുടെയും വിവരങ്ങൾ.

സ്ഥാപനത്തിന്റെ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിവരങ്ങൾ.

സ്വകാര്യ പങ്കാളിത്തത്തോടെ ഏറ്റെടുത്ത പദ്ധതികൾ.

തൻവർഷം ഏറ്റെടുത്ത ഗവേഷണ പഠനങ്ങൾ, സർവ്വേകൾ എന്നിവ.

**ധനകാര്യം**

സ്ഥാപനത്തിന്റെ പദ്ധതി, പദ്ധതിയേതര വിഭാഗത്തിലുള്ള ബഡ്ജറ്റ് വിഹിതം, ചെലവ് (ബാക്കി നിൽപ്പ്/അധിക ചെലവ് എന്നിവയ്ക്കുള്ള വിശദീകരണം സഹിതം).

ശമ്പളം, യാത്രാബത്ത, പരസ്യം, കൺസൾട്ടൻസി തുടങ്ങിയ വകയിലുള്ള ചെലവ്.

സർക്കാർ കമ്പനികൾ, ബോർഡുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, എൻ. ജി. ഒ.-കൾ എന്നിവയ്ക്കുള്ള ധനസഹായം/നിക്ഷേപം/വായ്പ എന്നിവ.

വിവിധ വിഭാഗങ്ങൾക്കുള്ള പെൻഷൻ/എക്സ്ഗ്രേഷ്യ തുടങ്ങിയവ.

സ്ഥാപനത്തിന്റെ വിവിധ തരം പി. ഡി./ടി.പി./എസ്. ബി. അക്കൗണ്ടുകളും അവ ഏതൊക്കെ ആവശ്യങ്ങൾക്കാണെന്നുള്ളതും.

സർക്കാർ/സർക്കാരിതര ഏജൻസികൾക്ക് സാധനങ്ങൾക്കും സേവനങ്ങൾക്കും പ്രവൃത്തികൾക്കുമായി നൽകിയതും തൻവർഷം അവസാനം ക്രമീകരിക്കപ്പെടാത്തതുമായ തുക സംബന്ധിച്ച വിവരങ്ങൾ.

കേന്ദ്ര സർക്കാരിൽ നിന്നോ മറ്റേതെങ്കിലും ഏജൻസികളിൽ നിന്നോ ലഭ്യമായ ഫണ്ടിന്റെയും ആയതിന്റെ ചെലവിന്റെയും വിവരങ്ങൾ.

പ്രത്യേക നിക്ഷേപമായി ട്രഷറി, ബാങ്ക്, പൊതുമരാമത്ത് വകുപ്പ് എന്നിവയിൽ സൂക്ഷിച്ചിട്ടുള്ള തുക.

തൻവർഷം നഷ്ടമുണ്ടായതായോ, ക്രമക്കേടുകൾ നടന്നതായോ കണ്ടെത്തിയ തുകകൾ സംബന്ധിച്ച വിവരം.

വരുമാനത്തിൽ നഷ്ടമുണ്ടായതോ എഴുതിത്തള്ളിയതോ സംബന്ധിച്ച വിവരങ്ങൾ.

കണക്കുകളുടെ റീകൺസിലിയേഷൻ സംബന്ധിച്ച പുരോഗതി.

**അടിസ്ഥാന സൗകര്യം**

നടപ്പു സാമ്പത്തിക വർഷം സൃഷ്ടിച്ച അടിസ്ഥാന സൗകര്യങ്ങൾ.

പുതുതായി വാങ്ങിയതോ ഒഴിവാക്കിയതോ ആയ വാഹനങ്ങളുടെ വിവരം.

മറ്റ് സ്ഥാപനങ്ങൾക്ക് കൈമാറിയ സ്വത്തുക്കളുടെ വിവരം.

5 ലക്ഷം രൂപയ്ക്ക് മുകളിൽ മൂല്യമുള്ള യന്ത്രങ്ങൾ, ഉപകരണങ്ങൾ. മറ്റ് സ്വത്തുക്കൾ വാങ്ങിയതിന്റെ വിവരം.

നശിച്ചതോ ഒഴിവാക്കിയതോ ആയ സ്വത്തുക്കളുടെ വിവരങ്ങൾ.

ഭൂമി ഏറ്റെടുത്തതോ വാങ്ങിയതോ സംബന്ധിച്ച വിവരങ്ങൾ.

**പ്രസിദ്ധീകരണങ്ങൾ**

ജേർണൽ, മാന്വൽ, ചട്ടങ്ങൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവ സംബന്ധിച്ച വിവരം.

അദാലത്തുകൾ, തൻവർഷം നടത്തിയ പരിപാടികൾ/പങ്കെടുത്ത പ്രചരണങ്ങൾ. സമ്മേളനങ്ങൾ, ശില്പശാലകൾ, പരിശീലനങ്ങൾ, പ്രദർശനങ്ങൾ എന്നിവ.

**വിവരാവകാശ നിയമത്തിന്റെ നടത്തിപ്പ്**

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെയും അപ്പീൽ അധികാരിയുടെയും വിവരങ്ങൾ.

വിവരാവകാശ നിയമപ്രകാരം ലഭിച്ചതും നടപടിയെടുത്തതും തീർപ്പാക്കിയതുമായ കേസുകളുടെ എണ്ണം.

വിവരം നൽകാത്തതിന് പിഴശിക്ഷ നടപ്പാക്കിയതിന്റെ വിവരം.

സ്ഥാപനവുമായി ബന്ധപ്പെട്ട് വിവരാവകാശ കമ്മീഷനിൽ പരിഗണനയിലിരിക്കുന്ന അപ്പീലുകൾ.

**ആന്തരിക നിയന്ത്രണ സംവിധാനം**

ഇന്റേണൽ ആഡിറ്റിന് മാത്രമായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ.

പരിശോധനകൾക്കായി നിശ്ചയിക്കപ്പെട്ട ലക്ഷ്യം/നേട്ടം, അതിന്റെ തുടർ നടപടികൾ.

അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ റിപ്പോർട്ടിന്മേൽ തീർപ്പാക്കാതെയുള്ള ഖണ്ഡികകൾ.

വിവിധ നിരീക്ഷണ സമിതികളുടെയും അവയുടെ പ്രവർത്തനങ്ങളുടെയും വിവരം.

**മറ്റ് വിഷയങ്ങൾ**

സ്ഥാപനത്തിൽ പരാതി പരിഹാരത്തിനുള്ള സംവിധാനം.

മലയാള ഭാഷാ നിയമം നടപ്പാക്കൽ.

കമ്പ്യൂട്ടർവൽക്കരണം/ഇ-ഗവേണൻസ് എന്നിവയുടെ പുരോഗതി.

തൻവർഷം നടത്തിയ സാമൂഹ്യ-സാംസ്കാരിക ചടങ്ങുകൾ/പരിപാടികൾ.

കേന്ദ്രസർക്കാർ, മറ്റ് ഏജൻസികൾ, എൻ. ജി. ഒ.-കൾ എന്നിവിടങ്ങളിൽ നിന്നും സ്ഥാപനത്തിന് ലഭിച്ച അവാർഡുകൾ/പ്രതിഫലങ്ങൾ/പ്രശംസാപത്രങ്ങൾ എന്നിവ. സ്ഥാപനത്തെക്കുറിച്ച് മറ്റേതെങ്കിലും ഏജൻസി/സംഘടന നടത്തിയ അവലോകനം/പഠനം എന്നിവ സംബന്ധിച്ച വിവരം.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

 റ്റി. ഒ. സൂരജ്,
*സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റിന്റെ (2014-ലെ 6-ാം ആക്റ്റ്) 18-ാം വകുപ്പുപ്രകാരം ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ രൂപീകരിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നു. അപ്രകാരമുള്ള ചട്ടങ്ങൾ നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

അനുബന്ധം II

©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2012-14

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY



| | | | |
|---|---|---|---|
| വാല്യം 3<br>Vol. III | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2014 ജനുവരി 18<br>18th January 2014<br>1189 മകരം 5<br>5th Makaram 1189<br>1935 പൗഷം 28<br>28th Pousha 1935 | നമ്പർ<br>No. 152 |



GOVERNMENT OF KERALA

**Sports and Youth Affairs (B) Department**

NOTIFICATION

G. O. (P) No. 6/2014/S&YA. *Dated, Thiruvananthapuram, 20th January, 2014 / 7th Makaram, 1189.*

**S. R. O. No. 37/2014.**—Whereas, the Government of Kerala, vide G. O. (Rt.) No. 134/13/S&YA dated 20th July, 2013 appointed Adv. R. V. Rajesh, Sarovaram, T. C. 20/1971(2), Sasthri Nagar, South 42, Karamana P. O., Thiruvananthapuram as Chairperson of the Kerala State Youth Commission as per clause (a) of sub-section (2) of section 3 of the Kerala State Youth Commission Ordinance, 2013 (Ordinance No. 45 of 2013);

And Whereas, clause (b) of sub-section (2) of section 3 of the Kerala State Youth Commission Ordinance, 2013 (Ordinance No. 45 of 2013), provides for the appointment of ten members in the Commission out of which one shall be a woman and one shall be a person belonging to the Scheduled Caste or Scheduled Tribe and one shall be a qualified legal practitioner;

NOW, THEREFORE, in exercise of the powers conferred by clause (b) of sub-section (2) of section 3 of the Kerala State Youth Commission Ordinance 2013 (Ordinance No. 45 of 2013) read with sub-section (4) thereof, the Government of Kerala hereby notify the appointment of Adv. R. V. Rajesh as the Chairperson and appoint the following persons as members in the Kerala State Youth Commission:—

1. Shri Shivaraman, K.
   Kottammal House,
   Elamthuruthy P. O., Ponnani,
   Malappuram.
2. Adv. K. Vinod.
   M.R.A. (B 251),
   Maruthamkuzhy,
   Kanjirampara,
   Thiruvananthapuram.
3. Shri K. C. Vipin,
   Kannamparambil House,
   Kodumunda P. O.,
   Pattambi, Palakkad-679 303.
4. Shri Sujith Paul,
   Attuvallil Veedu,
   Karukappally P. O.,
   Kolenchery.
5. Shri Khader Manya,
   Manya House,
   Ulloodi P. O.,
   Kumbala, Kasargod.
6. Adv. Swapna George,
   House No. 304,
   Deviprasadam,
   Prasanth Nagar, Ulloor,
   Medical College P. O.,
   Thiruvananthapuram.

7. Shri A. M. Ramesan,
   Asari House,
   Kumbalangadu,
   Kanjirakode P. O.,
   Vadakkanchery, Thrissur.
8. Adv. Sumesh Andrews,
   Vattakkadu House,
   Nariyanadani P. O.,
   Ponkunnam, Kottayam.
9. Shri M. Narayanankutty,
   Annakkodu House,
   Vandithavalam P. O.,
   Chittoor, Palakkad.
10. Shri Asharaf Ali T. A.,
    Thachuparamban Veedu,
    Edakkara P. O., Nilambur,
    Malappuram.

By order of the Governor,

SUBRATA BISWAS,
*Principal Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

As per G. O. (Rt.) No. 134/13/S&YA dated 20th July, 2013, Adv. R. V. Rajesh was appointed as the Chairperson of the Kerala State Youth Commission. Now, the Government have decided to appoint ten members to the Commission.

The notification is intended to achieve the above object.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.